ഉടമകൾ തോട്ടം നടത്താൻ തയ്യാറാകാത്ത സാഹചര്യം

15 (*255) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തോട്ടങ്ങൾ നടത്താൻ ഉടമകൾ തയ്യാറാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉടമകൾ നടത്താൻ തയ്യാറല്ലാത്ത തോട്ടങ്ങൾ തൊഴിലാളി സഹകരണ സംഘങ്ങളെ ഏൽപ്പിക്കണമെന്ന നിർദ്ദേശം പരിഗണിച്ചിട്ടുണ്ടോ ;

(സി) തോട്ടങ്ങൾ സംരക്ഷിച്ച് പ്രവർത്തിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഏതെങ്കിലും തോട്ടം ഉടമ തോട്ടം വിൽക്കാൻ ശ്രമിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ ;

(ഇ) മുഖ്യമന്ത്രി വിളിച്ചുചേർത്ത തോട്ടം തൊഴിലാളി യൂണിയൻ പ്രതിനിധികളുടെ യോഗം ഈ കാര്യങ്ങളിൽ എന്തെങ്കിലും തീരുമാനം കൈക്കൊള്ളുകയുണ്ടായിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) :

(എ) ഉണ്ട്. തേയിലയുടെ വിലക്കുറവുമൂലമുണ്ടായ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയും ഉൽപ്പാദനത്തിലുണ്ടായ കുറവും സാർക്ക് രാജ്യങ്ങളിൽ നിന്നുമുള്ള തേയിലയുടെ ഇറക്കുമതിയും നിമിത്തം ചില തോട്ടങ്ങൾ തുടർന്ന് നടത്തിക്കൊണ്ടു പോകാൻ നിവൃത്തിയില്ലാത്ത സാഹചര്യം നിലവിലുണ്ട്.

(ബി) ഇത്തരമൊരു നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. ഉടമകളും തൊഴിലാളി സംഘടനകളും സന്നദ്ധമായി വന്നാൽ പരിഗണിക്കാവുന്നതാണ്.

(സി) പ്രതിസന്ധിയിലായ തോട്ടങ്ങളിലെ തൊഴിലാളികൾക്കും ഉടമകൾക്കും ആശ്വാസം നൽകുന്നതിനും തോട്ടങ്ങളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുമായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തൊഴിലാളി പ്രതിനിധികളെയും തൊഴിലുടമാ പ്രതിനിധികളെയും ഉൾപ്പെടുത്തികൊണ്ട് ചർച്ചകൾ നടത്തുകയുണ്ടായി. കേന്ദ്രതലത്തിൽ പരിഗണിക്കേണ്ട വിഷയങ്ങൾ കേന്ദ്ര സർക്കാരിന്റെ സജീവ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന തലത്തിലുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ, ഓരോ തോട്ടങ്ങളുടെയും പ്രശ്നങ്ങൾ വ്യത്യസ്തങ്ങളായതിനാൽ പ്രത്യേകമായി ചർച്ച ചെയ്ത് പരിഹരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിന് തൊഴിൽ വകുപ്പുമന്ത്രി നേരിട്ടും വകുപ്പുതലത്തിലും ഉടമാ പ്രതിനിധികളുമായും ട്രേഡ് യൂണിയൻ പ്രതിനിധികളുമായും ചർച്ച നടത്തി വരുന്നു.

(ഡി) കൊച്ചിൻ മലബാർ എസ്റ്റേറ്റ് ആന്റ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ കീഴിൽ വരുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് കൊടുത്തു തീർക്കുവാനുള്ള കുടിശ്ശികപ്പണം വിതരണം ചെയ്യുന്നതിലേക്കായി അവരുടെ കോഴിക്കോട് ജില്ലയിലുള്ള കിണലൂർ എസ്റ്റേറ്റ് വിൽക്കുവാൻ മാനേജുമെന്റ് ബഹു. ഹൈക്കോടതിയുടെ അനുവാദം വാങ്ങിയിരുന്നു.

(ഇ) ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21-6-2003-ൽ പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റിയോഗം ചേരുകയുണ്ടായി. തോട്ടം തുറന്നു പ്രവർത്തിപ്പിക്കാൻ സഹായകരമായ രീതിയിൽ തേയില, കാപ്പിത്തോട്ടങ്ങൾക്ക് 2003-2004 വർഷത്തേയ്ക്കുള്ള പ്ലാന്റേഷൻ നികുതി ഇളവു ചെയ്യാൻ തീരുമാനിച്ചു. പ്ലാന്റേഷൻ മേഖലയുടെ മറ്റു പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടു വന്നിട്ടുണ്ട്. സംസ്ഥാനതലത്തിൽ പരിഗണിക്കേണ്ട കാര്യങ്ങൾ സജീവമായി പരിഗണിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷനുകളിലെ ക്യാന്റീനുകൾ

16 (*256) ശ്രീ. എ. സുജനപാൽ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലുള്ള ക്യാന്റീനുകൾ വാടകയ്ക്ക് കൊടുക്കുന്നത് എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ;

(ബി) ഈ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(സി) ക്യാന്റീനുകളിൽ നിന്നും നൽകുന്ന ഭക്ഷണ സാധനങ്ങൾ ഭക്ഷ്യ യോഗ്യമാണോയെന്ന് ഉറപ്പു വരുത്താറുണ്ടോ ?

ഗാതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) ക്യാന്റീൻ നടത്താൻ താൽപ്പര്യമുള്ള വ്യക്തികൾ കോർപ്പറേഷന്റെ പരസ്യങ്ങൾക്ക് അനുബന്ധമായി സമർപ്പിക്കുന്ന മത്സര ബുദ്ധിയോടെയുള്ള ടെൻഡറുകളിൽ നിന്നും ഏറ്റവും കൂടുതൽ തുക കോർപ്പറേഷന് വാഗ്ദാനം ചെയ്യുന്ന വ്യക്തിയെ തെരഞ്ഞെടുത്താണ് ക്യാന്റീൻ നടത്തിപ്പിനുള്ള കരാർ നൽകുന്നത്. ഇതിനു പുറമേ ക്യാന്റീൻ കെട്ടിടത്തിന് നിശ്ചയിക്കുന്ന വാടക, ഇലക്ട്രിസിറ്റി ചാർജ്, വാട്ടർ ചാർജ് എന്നിവയും അവർ തന്നെ നൽകണം.

LIBRARY ARCHIVES Kerala Legislative Assembly